(ബി) എങ്കിൽ ഈ ആവശ്യത്തെപ്പറ്റി സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(സി) അന്താരാഷ്ട്ര വനിതാവർഷം ആഘോഷിച്ചതിന്റെ അന്തസത്ത ഉൾക്കൊണ്ട് ഈ ആവശ്യങ്ങൾ പരിഗണിക്കുന്നതിന് സർക്കാർ തയ്യാറാകുമോ ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) ഉന്നയിച്ചിരുന്നു.

(ബി & സി) സെക്രട്ടേറിയറ്റിലെ വനിതാജീവനക്കാരുടെ പ്രത്യേക പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയുക്തമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സെക്രട്ടേറിയറ്റ് വെൽഫെയർ ആഫീസറെ ഗവൺമെന്റ് നിയോഗിച്ചിട്ടുണ്ട്. അദ്ദേഹം റിപ്പോർട്ട് സമർപ്പിക്കുന്നതിനുമുമ്പ് സംഘടനാ പ്രതിനിധികളുമായും മറ്റുള്ളവരുമായും ആവശ്യമായ ചർച്ചകൾ നടത്തുന്നതാണ്. പ്രസ്തുത റിപ്പോർട്ട് ഗവൺമെന്റ് പരിശോധിച്ച് വേണ്ട മേൽനടപടിയെടുക്കുന്നതാണ്.

കയറ്റുമതി ഇറക്കുമതി ഇനങ്ങളിലുണ്ടായ വരുമാനം

*649 [706] ശ്രീ. പി. ആർ. ഫ്രാൻസിസ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നമ്മുടെ സംസ്ഥാനത്തിലെ തുറമുഖങ്ങളിലെ കയറ്റുമതി ഇറക്കുമതി ഇനങ്ങളിൽനിന്ന് ഈ സാമ്പത്തിക വർഷത്തിൽ എന്ത് വരുമാനം ഉണ്ടായിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

സംസ്ഥാനത്തിലെ തുറമുഖങ്ങളിൽനിന്നും ഈ വർഷത്തെ കയറ്റുമതി ഇറക്കുമതികളെ സംബന്ധിച്ച വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ല. പക്ഷേ 1977–78 സാമ്പത്തിക വർഷത്തിൽ കൊച്ചി തുറമുഖംവഴി 575 കോടി രൂപ വിലവരുന്ന സാധനങ്ങൾ കയറ്റി അയക്കുകയും 404 കോടി രൂപ വിലവരുന്ന സാധനങ്ങൾ ഇറക്കുമതി ചെയ്യുകയും ചെയ്തിട്ടുണ്ട്. കയറ്റുമതി തീരുവയും, ഇറക്കുമതി തീരുവയും കേന്ദ്രസർക്കാരാണ് ഈടാക്കുന്നത്. ഇതിന്റെ വിഹിതം സംസ്ഥാനത്തുനിന്ന് ലഭിക്കുന്നില്ല.

ഫുൾ പെൻഷൻ കിട്ടുന്നതിനുള്ള സർവ്വീസ്

* 650 [707] ശ്രീ. ഇ. കെ. പിള്ള:
,, വി. കെ. രാജൻ:
,, പി. ശങ്കർ:
,, എം. കെ. കേശവൻ:
,, സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഉദ്യോഗനിയമനത്തിനുള്ള വയസ്സ് 36 ആയി ഉയർത്തുകയും പെൻഷൻ പ്രായം 55 ആക്കുകയും ചെയ്തതോടുകൂടി ഫുൾ പെൻഷൻ കിട്ടുന്നതിനുള്ള സർവ്വീസ് 30 വർഷം എന്നുള്ളത് 15 വർഷമായി കുറയ്ക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly